# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.06.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പി എം കിസാൻ സമ്മാൻനിധി പദ്ധതി പ്രകാരം പ്രധാനമന്ത്രി നരേന്ദ്രമോദി 20,000 കോടി രൂപയോളം ചൊവ്വാഴ്ച കർഷകരുടെ അക്കൗണ്ടിലേക്ക് കൈമാറും.

   **Under the PM Kisan Sammannidhi scheme, Prime Minister Narendra Modi will transfer Rs 20,000 crore to farmers' accounts on Tuesday.**

2. പാർലമെന്റ് വളപ്പിലെ 'പ്രേർണസ്ഥൽ' ഉപരാഷ്ട്രപതി ജഗദീപ് ധൻകർ ഇന്ന് ഉദ്ഘാടനം ചെയ്യും.

   **Vice President Jagdeep Dhankar will inaugurate the 'Prernasthal' in the Parliament premises today.**

3. ജമ്മുകശ്മീരിലെ സുരക്ഷാ സ്ഥിതി പുനരവലോകനം ചെയ്യാൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് ഉന്നതതല യോഗം.

   **Union Home Minister Amit Shah will hold a high-level meeting today to review the security situation in Jammu and Kashmir.**

4. പാലക്കാടും തൃശൂരും ചില സ്ഥലങ്ങളിൽ ഇന്ന് പുലർച്ചെ വീണ്ടും നേരിയ ഭൂചലനം.

   **Light earthquake in some places of Palakkad and Thrissur this morning.**

5. ഇറ്റലിയിൽ നടക്കുന്ന പെറുജിയ ചലഞ്ചർ ടെന്നിസ് ടൂർണമെന്റിൽ ഇന്ത്യയുടെ സുമിത് നാഗൽ ഫൈനലിൽ.

**India's Sumit Nagal enter into the finals of Perugia challenger Tennis tournament.**

****************************************************************

## HEADLINE-1

## AGRI-SHIVRAJ

പി എം കിസാൻ സമ്മാൻനിധി പദ്ധതി പ്രകാരം പ്രധാനമന്ത്രി നരേന്ദ്രമോദി 20,000 കോടി രൂപയോളം ചൊവ്വാഴ്ച കർഷകരുടെ അക്കൗണ്ടിലേക്ക് കൈമാറും. 9 കോടി 3 ലക്ഷം കർഷകരുടെ അകൗണ്ടിലേക്കാണ് പണം നൽകുന്നത്. വാരാണാസിയിലാണ് പരിപാടി സംഘടിപ്പിക്കുന്നതെന്ന് കേന്ദ്ര ഗ്രാമവികസന, കൃഷി - കർഷകക്ഷേമ വകുപ്പ് മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. കഴിഞ്ഞ 10 വർഷങ്ങൾക്കുള്ളിൽ 11 കോടി കർഷകരുടെ അക്കൗണ്ടുകളിലേക്ക് മൂന്ന് ലക്ഷം കോടി രൂപ കൈമാറിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ചൊവ്വാഴ്ച നടക്കുന്ന പരിപാടിയിൽ പങ്കെടുക്കണമെന്ന് ആവശ്യപ്പെട്ട് എല്ലാ മുഖ്യമന്ത്രിമാർക്കും കത്തയച്ചെന്നും ശ്രീ ശിവരാജ് സിംഗ് ചൗഹാൻ അറിയിച്ചു.

********************************************

## HEADLINE-2

## VP - PRERNA STHAL

പാർലമെന്റ് വളപ്പിൽ സ്വാതന്ത്ര്യസമര സേനാനികളുടെയും ഉന്നത നേതാക്കളുടെയും പ്രതിമകൾ ഒരുസ്ഥലത്ത് തന്നെ കണ്ട് ആദരമർപ്പിക്കാൻ സന്ദർശകർക്ക് അവസരം ഒരുക്കുന്ന 'പ്രേർണസ്ഥൽ' ഇന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ ഉദ്ഘാടനം ചെയ്യും. ലോക്സഭാ സ്പീക്കർ ഓം ബിർള, രാജ്യസഭ ഉപാധ്യക്ഷൻ ഹരിവംശ് നാരായൺ സിംഗ്, പാർലമെൻററി

കാര്യമന്ത്രി കിരൺ റിജിജു എന്നിവർ ചടങ്ങിൽ പങ്കെടുക്കും. എല്ലാ പാർലമെന്റ് അംഗങ്ങളെയും ചടങ്ങിലേക്ക് ക്ഷണിച്ചിട്ടുണ്ട്. സന്ദർശകർക്ക് ഉന്നത നേതാക്കളുടെ ജീവചരിത്രവും സന്ദേശവും നവസാങ്കേതിക വിദ്യയിലൂടെ ലഭ്യമാക്കാൻ കർമ്മ പദ്ധതി തയാറാക്കിയിട്ടുണ്ട്.

*********************************************

## HEADLINE-3
## HM - HIGH LEVEL MEETING

ജമ്മുകശ്മീരിലെ സുരക്ഷാ സ്ഥിതി പുനരവലോകനം ചെയ്യാൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് ഉന്നതതല യോഗം ചേരും. അമർനാഥ് യാത്രയുടെ തയ്യാറെടുപ്പുകളും വിലയിരുത്തും. ജമ്മുകശ്മീർ ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, കേന്ദ്ര ആഭ്യന്തര സെക്രട്ടറി, കരസേന പൊലീസ്, ജമ്മുകശ്മീർ ഭരണകൂടത്തിലെ ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും. ആഭ്യന്തര മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി ജമ്മുകശ്മീരിലെ സുരക്ഷാസ്ഥിതി വെള്ളിയാഴ്ച ന്യൂഡൽഹിയിൽ ശ്രീ അമിത് ഷാ വിലയിരിത്തിയിരുന്നു.

*********************************************

## RAILWAY - VANDE BHARAT

വന്ദേഭാരത് സ്ലീപ്പർ ക്ലാസ് ട്രെയിനിന്റെ പരീക്ഷണ ഓട്ടം അടുത്ത രണ്ട് മാസങ്ങൾക്കുള്ളിൽ നടക്കുമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. നിലവിൽ സർവ്വീസ് നടത്തുന്ന വന്ദേ ഭാരത് എക്സ്പ്രസുകളിൽ ചെയർ കാറുകൾ മാത്രമാണുള്ളത്. തദ്ദേശീയമായി നിർമ്മിച്ച ആദ്യ അർദ്ധ അതിവേഗ ട്രെയിനാണ് വന്ദേ ഭാരത്. അടുത്ത 5 വർഷങ്ങളിൽ സർക്കാർ റെയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഊന്നൽ

നൽകുമെന്ന് മന്ത്രി പറഞ്ഞു. കഴിഞ്ഞ 10 വർഷം കൊണ്ട് 35,000 കിലോമീറ്റർ റെയിൽവേ ട്രാക്കുകൾ നിർമ്മിച്ചതായി അദ്ദേഹം വ്യക്തമാക്കി. കുറഞ്ഞ വരുമാനക്കാർക്കും സൗകര്യപ്രദമായ യാത്രാനുഭവം ഒരുക്കുകയാണ് സർക്കാർ ലക്ഷ്യമെന്നും ശ്രീ അശ്വിനി വൈഷ്ണവ് അറിയിച്ചു. അമൃത് ഭാരത് ട്രെയിനുകൾ കൂടുതൽ നിർമ്മിക്കാൻ പ്രവർത്തനം നടക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

*******************************************

## RAILWAY - LIMCA BOOK

ഇന്ത്യൻ റെയിൽവെ ലിംക ബുക് ഓഫ് റെക്കോർഡ്സിൽ ഇടം നേടി. വ്യത്യസ്ത ഇടങ്ങളിൽ ഏറ്റവും കൂടുതൽ ജനങ്ങൾക്ക് പൊതുസേവനം എത്തിക്കുന്നതിനാണ് ഈ നേട്ടം കൈവരിച്ചത്. ഈ വർഷം ഫെബ്രുവരി 26 ന് റെയിൽവെ 2000 ലധികം കേന്ദ്രങ്ങളിൽ സംഘടിപ്പിച്ച പരിപാടിയിൽ 40 ലക്ഷത്തി 19,000 ജനങ്ങളാണ് പങ്കെടുത്തത്. റെയിൽ പാലങ്ങളുടേയും വിവിധ റെയിൽവെ സ്റ്റേഷനുകളുടെ തറക്കല്ലിടലിന്റെയും ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവ്വഹിച്ച ചടങ്ങായിരുന്നു അത്.

*******************************************

## SCIENCE AND TECH-REVIEW MEET

രാജ്യത്ത് കഴിഞ്ഞ 2 വർഷത്തിൽ ആഗോള നിലവാരമുള്ള 40 ലധികം Quantum Technology സ്റ്റാർട്ടപ്പുകൾ ആരംഭിച്ചതായി കേന്ദ്ര ശാസ്ത്ര - സാങ്കേതിക വകുപ്പ് മന്ത്രി ജിതേന്ദ്ര സിങ്. ന്യൂഡൽഹിയിൽ ശാസ്ത്ര - സാങ്കേതിക വകുപ്പിന്റെ അവലോക യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. Quantum Technology മേഖലയിൽ ഇന്ത്യയെ ആഗോള തലത്തിൽ മുന്നിലെത്തിക്കുക എന്നതായിരിക്കണം ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. കഴിഞ്ഞ 10 വർഷത്തിൽ ഗവേഷണ

മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിച്ചതിനെ അദ്ദേഹം അഭിനന്ദിച്ചു.

********************************************

## MIFF

പതിനെട്ടാമത് മുംബൈ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ ഉദ്ഘാടന ചടങ്ങ് ഇന്നലെ മുംബൈയിൽ പ്രൗഢഗംഭീരമായി നടന്നു. വാർത്താവിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുകൻ, മഹാരാഷ്ട്ര സാംസ്കാരിക മന്ത്രി, സുധീർ മുൻഗന്തിവാർ, രൺദീപ് ഹൂഡ, തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. AVG രംഗത്തെ വർദ്ധിച്ചുവരുന്ന സാധ്യതകൾ കണക്കിലെടുത്ത്, തൊഴിലവസരങ്ങളും വളർച്ചയും വർധിപ്പിക്കാൻ സർക്കാർ ഉടൻ തന്നെ ഒരു മികവിൻറെ കേന്ദ്രം മുംബൈയിൽ സൃഷ്ടിക്കുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ കേന്ദ്രമന്ത്രി എൽ. മുരുകൻ പറഞ്ഞു.

********************************************

## FATHERS DAY

ഇന്ന് ഫാദേഴ്സ് ഡേ. ജൂണിലെ മൂന്നാം ഞായറാഴ്ചയാണ് ലോകമെമ്പാടും ഫാദേഴ്സ് ഡേ ആഘോഷിക്കുന്നത്. നമ്മുടെ ജീവിതത്തിൽ അച്ഛനുള്ള സ്വാധീനം ഓർത്തെടുക്കാനും അതിനെ ആദരിക്കാനുമുള്ള അവസരമാണ് ഓരോ ഫാദേഴ്സ് ഡേയും നൽകുന്നത്. 1910 ൽ അമേരിക്കയിലെ വാഷിങ്ടണിലാണ് 'ഫാദേഴ്സ് ഡേ' ആദ്യമായി ആഘോഷിച്ചത്. അച്ഛന്റെ സ്നേഹവും കരുതലും വാത്സല്യവും ഓർത്തുകൊണ്ട് ഈ ഫാദേഴ്സ് ഡേയും ആഘോഷമാക്കാം.

********************************************

## HEADLINE-4

## PALAKKAD - EARTHQUAKE

പാലക്കാടും തൃശൂരും ഇന്ന് പുലർച്ചെ വീണ്ടും നേരിയ ഭൂചലനം. പാലക്കാട് ജില്ലയിലെ തൃത്താല, തിരുമറ്റിക്കോട് മേഖലകളിലാണ് പുലർച്ചെ വീണ്ടും ഭൂചലനം അനുഭവപ്പെട്ടതെന്ന് പ്രദേശവാസികൾ പറഞ്ഞു. ഇന്നലെ രാവിലെയും ഈ മേഖലകളിൽ ഭൂചലനം അനുഭവപ്പെട്ടിരുന്നു. തൃശൂരിൽ കുന്നംകുളം എരുമപ്പെട്ടി വേലൂർ വടക്കാഞ്ചേരി എന്നിവിടങ്ങളിലാണ് ഭൂചലനം ഉണ്ടായത്.

**********************************************

## GOVT. THREE LAWS (INTRO)

ക്രിമിനൽ നിയമസംവിധാനത്തെ കുറിച്ച് അറിവ് പകരാൻ കേന്ദ്രസർക്കാർ കൊൽക്കത്തയിൽ ഇന്ന് സമ്മേളനം സംഘടിപ്പിക്കും.
**വിശദാംശങ്ങളിലേക്ക്**

(വോയിസ്)

*ക്രിമിനൽ നിയമ നിർവഹണത്തിൽ ഇന്ത്യയുടെ പുരോഗമന പാത എന്ന പേരിലാണ് സമ്മേളനം. പുതിയ മൂന്ന് ക്രിമിനൽ നിയമങ്ങളായ ഭാരതീയ ന്യായ് സംഹിത 2023, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധിനിയം 2023 എന്നിവയുടെ സവിശേഷതകൾ വ്യക്തമാക്കുകായണ് ലക്ഷ്യം. ആശയവിനിമയം, ചോദ്യോത്തര വേള എന്നിവ സമ്മേളനത്തിൽ ഉണ്ടാകും. കഴിഞ്ഞ ഡിസംബറിൽ രാഷ്ട്രപതി മൂന്ന് നിയമങ്ങൾക്കും അംഗീകാരം നൽകി. ജൂലൈ ഒന്ന് മുതൽ ഇവ പ്രാബല്യത്തിൽ വരും. കഴിഞ്ഞ രണ്ട് മാസങ്ങൾക്കുള്ളിൽ നിയമകാര്യ വകുപ്പ് പുതിയ നിയമങ്ങളെ കുറിച്ച് ബോധവത്കരിക്കാൻ ന്യൂഡൽഹി, ഗുവഹത്തി എന്നവിടങ്ങളിൽ രണ്ട് സമ്മേളനങ്ങൾ സംഘടിപ്പിച്ചിരുന്നു. പ്രധാനമായും നിയമരംഗത്ത് പ്രവർത്തിക്കുന്നവർ, നിയമനിർവഹണ ഏജൻസികൾ, നിയമവിദ്യാർത്ഥികൾ,*

*ജനങ്ങൾക്കും എന്നിവർക്ക് വേണ്ടിയാണ് സമ്മേളനം സംഘടിപ്പിച്ചത്.*

*ന്യൂസ് ഡെസ്ക് ആകാശവാണി....*

*******************************************

## HEADLINE-5
## TENNIS - PERUGIA - CHALLENGER

ഇറ്റലിയിൽ നടക്കുന്ന പെറുജിയ ചലഞ്ചർ ടെന്നിസ് ടൂർണമെൻറിൽ ഇന്ത്യയുടെ സുമിത് നാഗൽ ഫൈനലിൽ കടന്നു. സ്പെയിൻ താരം ബെർണബെ സപത മിറാലസിനെയാണ് സുമിത് നാഗൽ പരാജയപ്പെടുത്തിയത്. അതേസമയം, ഡബിൾസ് ഫൈനലിൽ ഇന്ത്യയുടെ എൻ ശ്രീറാം ബാലാജി- ജർമ്മനിയുടെ ആന്ദ്രെ ബെഗമൻ സഖ്യം പരാജയപ്പെട്ടു.

*******************************************

## T-20 WORLD CUP

ട്വന്റി - 20 ലോകകപ്പ് ക്രിക്കറ്റിൽ നമീബിയക്കെതിരെ ഇംഗ്ലണ്ടിന് ജയം. മഴയെത്തുടർന്ന് ഡക്ക്വർത്ത് ലൂയിസ് സ്റ്റേൺ നിയമ പ്രകാരമാണ് ജേതാക്കളെ നിശ്ചയിച്ചത്. ഇന്നലത്തെ ഇന്ത്യയും കാനഡയും തമ്മിലുള്ള മത്സരം മഴയെത്തുടർന്ന് ഉപേക്ഷിച്ചു. രാവിലെ നടന്ന മത്സരങ്ങളിൽ ദക്ഷിണാഫ്രിക്ക, നേപ്പാളിനെയും ന്യൂസിലാന്റ്, ഉഗാണ്ടയേയും പരാജയപ്പെടുത്തി. ഇന്ന് വെസ്റ്റ് ഇൻഡീസിൽ പുരോഗമിക്കുന്ന മത്സരത്തിൽ ടോസ് നേടിയ ഓസ്ട്രേലിയ സ്കോട്ലൻഡിനെ ബാറ്റിംഗിന് അയച്ചു. രാത്രി നടക്കുന്ന മത്സരത്തിൽ പാകിസ്ഥാൻ അയർലൻഡിനെ നേരിടും.

*******************************************

## ASIAN TEAM SQUASH CHAMPIONSHIPS

ചൈനയിൽ നടക്കുന്ന ഏഷ്യൻ സ്ക്വാഷ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ വനിതാ ടീം ഇന്ന് ഇറാനുമായി ഏറ്റുമുട്ടും. പുരുഷ ടീം ദക്ഷിണ കൊറിയയെയാണ് നേരിടുന്നത്. ചാമ്പ്യൻഷിപ്പിലെ അഞ്ചും ആറും സ്ഥാനങ്ങൾക്ക് വേണ്ടിയാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ വനിതാ ടീം സിംഗപൂരിനേയും പുരുഷ ടീം ഇറാനേയും പരാജയപ്പെടുത്തി.

*********************************************

## BAKRID

ത്യാഗത്തിന്റെയും ആത്മ സമർപ്പണത്തിൻറെയും പാവനസ്മരണകളുമായി നാളെ ബലി പെരുന്നാൾ. പ്രവാചകൻ ഇബ്രാഹിം നബിയുടെ ത്യാഗത്തിൻറെ ഓർമ്മ പുതുക്കുകയാണ് ഓരോ ബലി പെരുന്നാളും. ഇന്നലെയായിരുന്നു അറഫ സംഗമം. ജംറകളിലെ കല്ലേറ് കർമ്മം ഇന്നാണ്. ഒമാൻ ഒഴികെയുള്ള ഗൾഫ് രാജ്യങ്ങളിൽ ഇന്നാണ് ബലി പെരുന്നാൾ. ബലിപെരുന്നാളിനോടനുബന്ധിച്ച് കേരളത്തിലെ പള്ളികളിൽ നാളെ പ്രത്യേക പ്രാർത്ഥനകൾ നടക്കും.

*********************************************

## UPSC

യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന ഇക്കൊല്ലത്തെ സിവിൽ സർവീസ് പരീക്ഷയുടെ ആദ്യഘട്ടം ഇന്ന്. രാവിലെ 9.30 മുതൽ 11.30 വരെയും 2.30 മുതൽ 4.30 വരെയുമുള്ള രണ്ടു സെഷനുകളായാണ് പരീക്ഷ. കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ 61 കേന്ദ്രങ്ങളിലായി ഇരുപത്തി നാലായിരത്തോളം പേരാണ് പരീക്ഷ എഴുതുന്നത്.

*********************************************

## ASSAM - CM KAZIRANGA

പ്രളയകാലത്ത് കാസിരംഗ ദേശീയോദ്യാനത്തിലെ മൃഗങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി അസം മുഖ്യമന്ത്രി ഹിമന്ത ബിസ്വ ശർമ്മ, ജനപ്രതിനിധികൾ, പൊലീസ് ഉദ്യോഗസ്ഥർ, കാസിരംഗ ദേശീയോദ്യാന അധികൃതർ എന്നവരുമായി ചർച്ച നടത്തി. കാസിരംഗയിലായിരുന്നു യോഗം. വന്യ മൃഗങ്ങളുടെ സുരക്ഷക്കായി പുതിയ മൂന്ന് കമാൻഡോ ബറ്റാലിയനുകളെ നിയോഗിച്ചതായി മുഖ്യമന്ത്രി അറിയിച്ചു. വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ ദേശീയോദ്യാനത്തിലേക്ക് 600 അംഗ പുതിയ വന ബറ്റാലിയനെ കൂടി നിയോഗിക്കും.

*********************************************

## PM-SMRITIVAN UNESCO

2024-ലെ പ്രിക്സ് വെർസൈൽസ് മ്യൂസിയങ്ങൾക്കായുള്ള ആഗോള തെരഞ്ഞെടുപ്പിൽ ഗുജറാത്തിലെ ബുജിൽ സ്ഥിതി ചെയ്യുന്ന സ്മൃതിവൻ ഭൂകമ്പ സ്മാരക മ്യൂസിയത്തെ ഉൾപ്പെടുത്തിയതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സന്തോഷം പ്രകടിപ്പിച്ചു.

*

*****************

****************************************